Santhigiri

ഉമ്മിണിതങ്കം

VOL 02 | ISSUE 47 | 2016 സെപ്റ്റംബർ 25 | 1192 കന്നി 09

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

" ഒരു യുഗത്തിന് എന്തെല്ലാം വേണം, എന്തെല്ലാം വേണ്ട എന്ന് ദർശിച്ച് അനുശാസിക്കുന്ന ദീർഘദർശിയാണ് ഗുരു. ഗുരു പ്രത്യേകമായ കാലഘട്ടത്തിൽ സമൂഹത്തിന് പരിവർത്തനം വരുത്താൻ വേണ്ടി പ്രവർത്തിക്കുന്നു."

# നവതി ആഘോഷം മൂന്നാം ഘട്ടം പ്രവർത്തനം തുടങ്ങി

**സ്പിരിച്വൽ സോൺ :** നവതി ആഘോഷങ്ങളുടെ മൂന്നാം ഘട്ടം പ്രചരണ പരിപാടികൾക്ക് തുടക്കമായി. ഗുരുവിന്റെ ജീവചരിത്ര പ്രചരണത്തിനും വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മുൻതൂക്കം നല്കിക്കൊണ്ടുള്ള മൂന്നാം ഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് വാർഡ് തലം മുതൽ ആഗോളതലം വരെയുള്ള പ്രചരണ പരിപാടികൾ ലക്ഷ്യമിടുന്നു.

നവതി ആഗോളതല പ്രചരണങ്ങളുടെ ഉദ്ഘാടനം ഒക്ടോബർ 24 ന് ലണ്ടൻ പാർലമെന്റ് അനക്സിൽ വച്ച് സ്റ്റീഫൻ ടിംസ് എം.പി. നിർവഹിക്കുന്നതാണ്. ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ ഉള്ള ശ്രീലങ്ക, ഖത്തർ, ബഹറിൻ, ഒമാൻ, യു.എ.ഇ., ജർമനി, മെക്സിക്കോ, യു.എസ്.എ., സിംഗപ്പൂർ എന്നിവിടങ്ങളിലും പ്രചരണ പരിപാടികൾ നടക്കും.

സന്ന്യാസദീക്ഷാവാർഷികഘോഷ പരിപാടികളും ഇപ്രാവശ്യം നവതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്നതാണ്. അടുത്തുവരുന്ന സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ച് എല്ലാ ആശ്രമം ബ്രാഞ്ചുകളിലും നവതി സത്സംഗങ്ങൾ സംഘടിപ്പിക്കും. കേന്ദ്രാശ്രമത്തിൽ പത്തു ദിവസത്തെ സത് സംഗങ്ങൾ നടക്കും. വിവിധ ഏരിയകളിൽ നവതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെട്ട സന്ന്യാസിമാർ അതാത് ഏരിയകളിലെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

നവതി സുവനീറിന്റെ വിതരണം ഇപ്പോൾ നടന്നുവരികയാണ്. എല്ലാ ഏരിയകളിലും സുവനീർ വിതരണം ചെയ്തുവരുന്നു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിലും നവതി മൂന്നാം ഘട്ടം പ്രചരണ പ്രവർത്തനങ്ങൾ സമുചിതമായി നടത്തുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു. 2017 സെപ്റ്റംബർ 20 ന് നടക്കുന്ന പൂർണ്ണ കുംഭമേള വരെ നവതി ആഘോഷ പരിപാടികൾ നടക്കും.



*പൂർണ്ണ കുംഭമേള ഘോഷയാത്രയിൽ നിന്ന്*

## സൗഹൃദസദസ്സ് ശ്രദ്ധേയമായി

**സ്പിരിച്വൽ സോൺ :** പൂർണ്ണ കുംഭമേളയോടനുബന്ധിച്ച് സ്പിരിചൽ സോണിലെ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ വൈകുന്നേരം ഏഴു മണിക്ക് നടന്ന സൗഹൃദസദസ്സ് ശ്രദ്ധേയമായി. സമ്മേളനത്തിൽ ശ്രീനാരായണ ഗ്ലോബൽ മിഷൻ ജനറൽ സെക്രട്ടറി ഡോ. ജി. അരവിന്ദൻ, ഗുജറാത്ത് ഗവർണറുടെ മെഡിക്കൽ ബോർഡ് അംഗം ഡോ. എൻ ജയചന്ദ്രൻ നാട്ടുവള്ളി, പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ മാരിയപ്പൻ എന്നിവരെ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ ചേർന്ന് ആദരിച്ചു.

ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ അഡ്മിനിസ്ട്രേഷൻ ചീഫ് അഡ്വൈസർ ആർ. ഗോപാലകൃഷ്ണൻ സ്വാഗതം ആശംസിച്ചു. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം കാര്യദർശി സ്വാമി ശുഭാംഗാനന്ദ, രാജീവ് അഞ്ചൽ, കെ. മധുപാൽ, ഷോഫി, എം ചന്ദ്രപ്രകാശ്, ഡി എം കിഷോർ, ഡോ. കെ എൻ ശ്യാംപ്രസാദ്, കാർലോസ് ഗുസ്മാൻ ബ്രട്ടോൺ, സബീർ തിരുമല, ഡി പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## സന്ന്യാസദീക്ഷാവാർഷികത്തിന് ആശ്രമം തയാറെടുക്കുന്നു

**സ്പിരിച്വൽ സോൺ :** മുപ്പത്തിയൊന്നാമത് സന്ന്യാസദീക്ഷാ വാർഷികത്തിനായി ശാന്തിഗിരി ആശ്രമം ഒരുങ്ങുന്നു. 1984 ലെ വിജയദശമി ദിവസമാണ് ഗുരു തന്റെ 31 ശിഷ്യർക്ക് സന്ന്യാസദീക്ഷ നല്കിയത്. ലോകത്ത് നിലനിന്ന സന്ന്യാസസമ്പ്രദായങ്ങൾക്ക് ഒരു തിരുത്തും വരുംകാല ലോകത്തിന് ഒരു മാതൃകയുമായിട്ടാണ് ഗുരു ആ കർമ്മം നിർവഹിച്ചത്. ശൂദ്രന് വേദാധികാരം അപ്രാപ്യമായ കാലത്തിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ ഗുരു പാടേ ഉപേക്ഷിച്ചു. പഠിപ്പോ പാണ്ഡിത്യമോ ധനമോ പ്രഭുത്വമോ ശാരീരികലക്ഷണമോ വേദമന്ത്രധ്വനികളോ മറ്റ് താന്ത്രികവശങ്ങളോ ഒന്നും ഗുരു പരിഗണിച്ചില്ല.

ദൈവത്തിന്റെ കനിവ് എല്ലാ ഗോത്രങ്ങളിലും സമസ്ത ജീവജാലങ്ങളിലും കൊണ്ടെത്തിക്കുക എന്ന ബ്രഹ്മകല്പിതമായ ഇച്ഛയുടെ പൂർത്തീകരണം മനുഷ്യരെക്കൊണ്ട് പ്രവർത്തിച്ചെടുപ്പിക്കുന്ന മഹത്തായ ദൗത്യത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ഗുരു സാധാരണക്കാരായ തന്റെ ശിഷ്യരിൽ ഏതാനും പേരെ സന്ന്യാസത്തിന് തെരഞ്ഞെടുക്കുകയായിരുന്നു. ഇത് ശൂദ്രനെ ബ്രഹ്മജ്ഞാനത്തിനും മുക്തിക്കും അവകാശപ്പെടുത്തുന്ന കലിയുഗധർമത്തിന്റെ സംസ്ഥാപനം കൂടിയായിരുന്നു.

സങ്കല്പമാത്രേണ പരമേശ്വര: എന്നുള്ള ഭാഗം പ്രകാശത്തിൽകൂടി കണ്ടറിഞ്ഞ് ചെയ്യുന്ന സാക്ഷാത്കാരസ്വഭാവമാണ് ഇത്. കലി സർവഥാ നാശം എന്നു പറഞ്ഞുപഠിപ്പിച്ച പാരമ്പര്യ അറിവിന്റെ കഥയില്ലായ്മയും അതിനു പിന്നിലെ ബുദ്ധിവൈഭവവും കർമവൈഭവവും തിരുത്തിയെടുക്കുന്ന ഗുരുവിന്റെ ദൗത്യം ബ്രഹ്മ ഇച്ഛയാൽ നടത്തപ്പെടുന്നതാണ്. ഗുരുവിന്റെ വാക്ക് തെറ്റിക്കാതെ അനുസരിച്ചുപോകുന്ന സന്ന്യാസശിഷ്യസമ്പത്താണ് ഈ കർമത്തിന്റെ ആണിക്കല്ല്.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം) ഫോൺ : 8089695320

## ഗുരുവാണി

നമ്മുടെ വിഷയം ഇതാണ് – നമ്മുടെ ഈ പഴകിയ കർമഗതി എങ്ങനെ തീരും, തീർക്കണം. ഞാനും എന്റെ പൂർവികരുമായി ഇന്നോളം പറഞ്ഞും ആചരിച്ചും ചെയ്തും ചെയ്യിപ്പിച്ചും വന്ന ഈ കർമഗതി ഇല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അത് തീരുന്നതല്ല. അങ്ങനെയങ്ങ് തീരുമെന്നു പറഞ്ഞാൽ അത് മണ്ടത്തരമാണ്. നമ്മൾ എവിടെയൊക്കെ എന്തൊക്കെ ചെയ്തു കൊണ്ടുവന്നാലും അത് പെട്ടെന്നങ്ങ് തീരുകയില്ല. പക്ഷെ നമുക്ക് ദൈവത്തിന്റെ ഒരാനുകൂല്യമുണ്ട്. ഇന്നുവരെ നാം അറിഞ്ഞും അറിയാതെയും ചെയ്തുകൊണ്ടുവന്ന ആ പഴകിയ കർമത്തിന് ശാശ്വതമായ ഒരു പരിഹാരം. ആ പരിഹാരം, നമുക്ക് ദൈവമായിട്ടു കാണിച്ചുതരുന്ന പരിഹാരം, വീട്ടിലുള്ള ആണും പെണ്ണും ചെറുതും വലുതും ഒരുമിച്ച് ഒരുപോലെ പരിശ്രമിക്കാതെ ആ പരിഹാരം വരികയില്ല. ഒരുത്തന്റെ കൂടെ അധികമായി ദൈവം വന്നു കിടക്കുന്നു എന്നു പറഞ്ഞാൽ ആ വീടിനുവേണ്ടി എന്തു ചെയ്യാനൊക്കും. അധികം വന്ന ദൈവത്തിന്റെ കൂടെ പോകാൻ പറയാനേ കഴിയൂ.

പഠിച്ചവനും പഠിക്കാത്തവനും മണ്ടനും ബുദ്ധിമാനും കഴിവുള്ളവനും കഴിവില്ലാത്തവനും എല്ലാം ദൈവത്തിന്റെ മാഹാത്മ്യം ഒന്നാണെന്ന് കണ്ടാൽ, ഒരുത്തൻ കുറേ ബുദ്ധിയുള്ളവനാണെന്ന് വച്ച് അഹങ്കരിച്ചാൽ അത് ആ വഴി പോട്ടെ എന്നു വിചാരിക്കാനേ പറ്റൂ. അങ്ങനെ അഹങ്കരിച്ചിട്ട് ഒന്നും വരാനും പോകുന്നില്ല. വിദ്യയും ധനവും കൊണ്ട് അഹങ്കരിച്ചുകഴിഞ്ഞാൽ, അങ്ങനെ അഹങ്കരിക്കട്ടെ.

എന്റെ ജാതിയിലാണ് ദൈവം കുത്തിയിരിക്കുന്നത്, എന്റെ മതത്തിലാണ് ദൈവം കുത്തിയിരിക്കുന്നത് എന്നു പറയുന്ന അറിവുകേടിന്റെ ബാക്കിയാണ് നമ്മൾ ഓരോരുത്തരും. അതായത്, അറിവിന്റെ ഭാഗത്ത് നമ്മൾ തെറ്റിനില്ക്കുകയാണ്. എന്റെ ഈ തെറ്റുകളെല്ലാം അതിൽ നിന്ന് ഉണ്ടായിട്ടുള്ള കുറവുകളെല്ലാം ഏതോ ഒരു മഹാൻ എടുത്തുകൊണ്ടുപോയി, ഇനി ഞാൻ വെറുതെ കുത്തിയിരുന്നാൽ മതി എന്നു വിചാരിച്ചാൽ കാര്യം നടക്കുകയില്ല. അങ്ങനെ ഒരു മഹാനും കഴുകിക്കളയാൻ കഴിയുന്ന കാര്യമല്ല ഈ തെറ്റ്.

നമ്മളെ സംബന്ധിച്ചിടത്തോളം ജനനംകൊണ്ട് ഉൽപത്തിയായി വന്നുപോയിരിക്കുന്ന കർമദോഷം, അല്ലെങ്കിൽ കർമത്തിന്റെ ഗുണം– ഇത് അനുഭവിക്കാനുള്ള അറിവിലേക്ക് നമ്മൾ ആദ്യം വരുക. അറിഞ്ഞനുഭവിക്കുക. ദു:ഖം വരേണ്ടത് വന്നോട്ടെ. എന്നാലും എനിക്കത് തീരണം. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം. 'ഓ, ഞാനവിടെ പോയി, എല്ലാം കണക്കുതന്നെ' എന്നു പറയുന്നത് അറിവല്ല. അങ്ങനെയുള്ള അറിവിൽ പ്രവർത്തിച്ചു പോയാൽ നിങ്ങൾക്ക് ചിന്തിക്കാൻ കഴിയാത്ത നാശം വരും. നമ്മൾ എത്ര നൊന്തും എത്ര കഷ്ടപ്പെട്ടും ഇത് കൈകാര്യം ചെയ്തെടുക്കണം.

## വചനദീപ്തി

വേദങ്ങളും ഖുർ ആനും ബൈബിളും സമഞ്ജസമായി സമന്വയിച്ചിരിക്കുന്ന ഒരു ലോകമാണ് ഞാൻ വിഭാവനം ചെയ്യുന്നത്.

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ*

**ഞായർ** – **ജ്യോതിപുരം, ശാന്തിപുരം**
**തിങ്കൾ** – **കരുണപുരം, ശാന്തിഗിരി ജംങ്ഷൻ**
**ചൊവ്വ** – **ലക്ഷ്മിപുരം, ആനന്ദപുരം**
**ബുധൻ** – **ജനസേവികപുരം, രത്നഗിരി**
**വ്യാഴം** – **സ്നേഹപുരം, കാഞ്ഞാംപാറ**
**വെള്ളി** – **പോത്തൻകോട്, പാലോട്ടുകോണം**
**ശനി** – **ജ്യോതിപുരം**

## യാമപ്രാർത്ഥന

*2016 സെപ്റ്റംബർ 29 വ്യാഴം*
**ലക്ഷ്മിപുരം, ശാന്തിഗിരി ജംങ്ഷൻ, രത്നഗിരി**

## ജന്മഗൃഹ തീർത്ഥയാത്ര

*2016 ഒക്ടോബർ 03 തിങ്കൾ*

# ഗുരുശുശ്രൂഷ ചെയ്തിട്ട് നമ്മുടെ കർമ്മഗതി അറ്റുപോകണം

ഒരു ഗുരുപൂജ കഴിഞ്ഞു എന്നിരിക്കട്ടെ. നമ്മുടെ ഓരോ ജീവിതചര്യയെപ്പറ്റിയും സൂക്ഷിക്കേണ്ടതുണ്ട്. എത്രയോ ഗുരുപൂജകൾ നടത്തിയവർ ഇവിടെയിരിക്കുന്നു, ഇനി നടത്താനിരിക്കുന്നു. ഗുരുപൂജ കഴിഞ്ഞിട്ട് ഗുരു തന്നെ കല്യാണം നടത്തിയവരും അവരുടെ സന്താനപരമ്പരകളുമായിട്ടിരിക്കുന്ന നാം ഗുരുവിന് എന്തു സമ്പാദിച്ചുകൊടുത്തു. അങ്ങനെ നോക്കുമ്പോൾ ഒന്നുമില്ല എന്നുതന്നെ നമുക്കു തോന്നും. അവിടെയാണ് ഗുരുവും നമ്മളുമായിട്ടുള്ള സമ്പാദ്യത്തിന്റെ ബാക്കിയിരിക്കുന്നത്. സമ്പാദ്യം എന്താണ്, സ്വഭാവം സ്നേഹത്തിൽ വരണം. നിങ്ങളൊരു നല്ല തുണി വാങ്ങിച്ച് പെട്ടിപ്പുറത്ത് വയ്ക്കുന്നു. ഒന്നോ രണ്ടോ മൂന്നോ നാലോ പ്രാവശ്യം എടുത്തിട്ട് പിന്നെയിടാം എന്നുപറഞ്ഞ് വയ്ക്കുന്നു. എന്തെങ്കിലും ഒരു രോഗമോ അപകടമോ വന്നാൽ നിങ്ങളുടെ ഈ ശരീരം ഇല്ലാതെ പോയാൽ പിന്നെയത് ഉപയോഗിക്കാൻ പറ്റുമോ. ഈവക കാര്യങ്ങളൊന്നും നിങ്ങൾ ചിന്തിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ എങ്ങനെയെങ്കിലും ജീവിച്ചുപോകാമെന്ന് ധരിക്കരുത്. കാരണം നമ്മൾ ഇവിടെ വന്നതെന്തിന്, എന്തുപോലെയാണ് നമ്മൾ; ചിലർ ഇതൊന്നുമില്ലാതെ ഇവിടെ വന്നവർ, എല്ലാം വിറ്റുകൊണ്ടിട്ടിട്ട് ഇവിടെ നില്ക്കുന്നവർ, അങ്ങനെ എനിക്ക് പറയാൻ പറ്റാത്ത രീതിയിൽ നല്ലതും ചീത്തയുമായിട്ട് നില്ക്കുന്നവരും ഇതിനകത്ത് നില്ക്കയാണ്. അപ്പോൾ എന്തുവേണമെന്ന് എപ്പോഴും നിങ്ങൾ ചിന്തിക്കണം. പ്രസ്ഥാനത്തിന്റെ ഒരു സ്നേഹസ്വഭാവത്തിൽ രക്ഷകനായിട്ടും ആ രക്ഷകന്റെ സ്ഥാനത്ത് സ്നേഹത്തിൽ ഉതകുന്ന ഭക്തിയിൽ വിടർന്നുനില്ക്കുന്ന നമുക്ക് വിവരിക്കാൻ പറ്റാത്ത ഭക്തിയുടെ ഒരു സ്വഭാവത്തിൽ നില്ക്കുന്നവരും എങ്ങനെയാണ് ഇവിടെ പെരുമാറുന്നത്. ഓരോ സ്ഥലത്തുപോയി വേല ചെയ്യുന്നുവെന്നുവച്ചാൽ ഇവിടുന്ന് അങ്ങോട്ടുമാറി വേലചെയ്യുന്നു എന്നേയുള്ളൂ. അതും ഗുരുവിന്റേതായിട്ട് ഒരു കാര്യമാണ് ചെയ്യുന്നത്. ഗുരുവിനെ സേവിക്കലാണ്.

ഗുരുവിനെ നാമെങ്ങനെ സേവിക്കണം. ഈ ഗുരുശുശ്രൂഷ ചെയ്തിട്ട് നമ്മുടെ കർമ്മഗതി അറ്റുപോകണം. അങ്ങനെ പോവുന്ന ഭാഗത്ത് ഓരോ കർമം ചെയ്യുമ്പോഴും അതിന്നതുപോലെയാണ്, അത് എന്റെ ഗുരുവിനെ ശുശ്രൂഷിക്കുകയാണ്, അതിലെനിക്ക് അപകടം വന്നുകൂടാ, അതിലെനിക്ക് സൂക്ഷിപ്പ് വേണം, സ്നേഹം വേണം, ഭക്തി വേണം, ഗൗരവം വേണം, ഭയം വേണം. ഭയവും ഭക്തിയും കാരുണ്യവും കൂടിയുള്ള ആ ഒരു സ്വഭാവത്തിൽ നിന്നുമാണ് നാം വേല ചെയ്യുന്നത്. നമ്മുടെ ശരീരത്തെ സൂക്ഷിക്കണം. വാക്കിനെ നിസ്സാരമായിട്ട് നിങ്ങൾ കാണരുത്. നമ്മൾ ഓരോ സ്ഥലത്തുനിന്നു വേല ചെയ്യുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങൾ സൂക്ഷിക്കണം. നിങ്ങളുടെ മനസിന്റെ ഉള്ളിന്റെയുള്ളിൽ കുട്ടികൾ നന്നാവണം, ഗുരുവിന്റെ ലക്ഷ്യത്തിനുള്ളതാകണം എന്നുള്ള ചിന്ത വന്നില്ലെങ്കിൽ ഇത് ശരിയാവില്ല.

*(അഭിവന്ദ്യ ശിഷ്യപൂജിതയുടെ ലേഖനങ്ങൾ ഉൾപ്പെടുത്തിയ ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ എന്ന ഗ്രന്ഥത്തിൽ നിന്ന്)*



*ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ച്*

# ഒരു വ്യാഴവട്ടം പൂർത്തിയാക്കുന്ന കന്യാകുമാരി ബ്രാഞ്ചാശ്രമം

**കന്യാകുമാരി :** ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിന്റെ പ്രതിഷ്ഠ നടത്തിയിട്ട് ഒരു വ്യാഴവട്ടം പൂർത്തിയാകുന്നു. 2004 ലെ സന്ന്യാസദീക്ഷാ വാർഷികാചരണ ദിനത്തിൽ ആണ് അഭിവന്ദ്യ ശിഷ്യപൂജിത ബ്രാഞ്ചാശ്രമത്തിന്റെ പ്രതിഷ്ഠ നിർഹിച്ചത്. ആഹാരമോ വസ്ത്രമോ ഇല്ലാതെ ഗുരു സഞ്ചരിച്ച അവധൂതവൃത്തിയുടെ നാളുകളിൽ ഗുരു ചെയ്ത പ്രാർത്ഥനാ സങ്കല്പങ്ങളുടെ സാക്ഷാത്കാരമാണ് കന്യാകുമാരിയിലെ ബ്രാഞ്ചാശ്രമവും പ്രാർത്ഥനാലയവും മറ്റ് അനുബന്ധ കർമങ്ങളും. ഗുരുവിന്റെ അനന്തമായ കാരുണ്യം ഭൂമിയുടെ തന്നെ കന്യാമുനമ്പായ കന്യാകുമാരിയിൽനിന്ന് പ്രപഞ്ചവിഹായസിലേക്ക് നിറയാൻ ഇവിടുത്തെ പ്രാർത്ഥനാലയവും പ്രതിഷ്ഠയും ഉപകരിക്കുന്നതാണ്.

മൂന്നു സാഗരങ്ങളുടെ സംഗമസ്ഥാനമായ കന്യാകുമാരിയിൽ ബംഗാൾ ഉൾക്കടലിന് അഭിമുഖമായിട്ടാണ് പ്രാർത്ഥനാലയം സ്ഥിതി ചെയ്യുന്നത്. ലോകമക്കൾക്കാകെ ആത്മശാന്തിക്കുതകുന്ന വക കന്യാകുമാരിയിൽ ഗുരുവിന്റെ പ്രാർത്ഥനാലയം സ്ഥിതി ചെയ്യുന്ന മണ്ണിൽ കാലുകുത്തുന്ന നിമിഷം ലഭ്യമാകുമെന്ന് തീർത്തും വിശ്വസിക്കാം. കാരണം ഗുരുവിന്റെ പ്രാർത്ഥനയും സങ്കല്പവും ആ മണ്ണിൽ അത്രമാത്രം നിറഞ്ഞുനില്ക്കുന്നു.

# ഡെന്റൽ ക്യാമ്പിനായി 27 ന് മുമ്പ് അപേക്ഷിക്കണം

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെയും വട്ടപ്പാറ പി.എം.എസ്. ഡെന്റൽ കോളജിന്റെയും ആഭിമുഖ്യത്തിൽ ലോക വയോജന ദിനാചരണത്തിന്റെ ഭാഗമായി 50 വയസിനു മുകളിലുള്ളവർക്ക് സൗജന്യമായി കൃത്രിമ പല്ലുകൾ വച്ചു നല്കുന്നു.

പൂർണമായോ ഭാഗികമായോ പല്ലുകൾ മറ്റിവയ്ക്കേണ്ടവരെ നവംബർ ആദ്യവാരം ആശ്രമത്തിൽ വച്ച് നടക്കുന്ന ക്യാമ്പിൽ വച്ച് തെരഞ്ഞെടുത്താണ് സൗജന്യമായി പല്ല് വച്ചു നല്കുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ സെപ്റ്റംബർ 27 നു മുമ്പായി 8156871456, 9037010078 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

# ആയുഷ് തുടർ വിദ്യാഭ്യാസ പരിശീലന പരിപാടി

**ഹെൽത്ത്കെയർ സോൺ :** കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ന്യൂഡെൽഹി രാഷ്ട്രീയ ആയുർവേദ വിദ്യാപീഠിന്റെ തുടർ വിദ്യാഭ്യാസ പരിപാടിക്ക് (സി.എം.ഇ.) ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വേദിയാകും. നവംബർ 21 മുതൽ 26 വരെ നടക്കുന്ന പരിപാടിയിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സിദ്ധ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരും ദേശീയ സിദ്ധ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഗത്ഭരും പങ്കെടുക്കുന്നതാണ്.

പ്രോഗ്രാം കൺവീനറായി വൈസ് പ്രിൻസിപ്പാൾ ഡോ. പി. ഹരിഹരനെ ചുമതലപ്പെടുത്തിയതായി പ്രിൻസിപ്പൽ ഡോ. ആർ. ദേവരാജൻ അറിയിച്ചു.

# എസ്.ആർ.എഫ്. ദേശീയ സെമിനാർ ഷില്ലോംഗിൽ

**ഷില്ലോംഗ് :** നവതി പ്രവർത്തനങ്ങളുടെ ഭാഗമായി ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനും നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിറ്റിയും (നെഹു) ചേർന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസി ജീവിതത്തെക്കുറിച്ച് ദേശീയ സെമിനാർ സംഘടിപ്പിക്കും. ഈ മാസം 28, 29 തീയതികളിലായി ഷില്ലോംഗ് നെഹു ക്യാംപസിൽ വച്ച് നടക്കുന്ന ദേശീയ സെമിനാറിൽ പ്രമുഖരും ഗവേഷകരും ചരിത്രകാരൻമാരും പങ്കെടുക്കുന്നതാണ്.

# ദിവംഗതനായി



നാണു സി.

**കണ്ണൂർ :** ബാവോട് മംഗലം വീട്ടിൽ ചെറിയക്കോത്ത് സി. നാണു (72) നിര്യാതനായി. സംസ്കാരം നടന്നു. ഭാര്യ: എം. സാവിത്രി. മക്കൾ : സനൂപ് എം. സി., സനീഷ എം. സി. (ഇരുവരും ശാന്തിഗിരി ഭഗിനി നികേതൻ), സജിഷ എം. സി. മരുമക്കൾ: അനിത, ശ്യാംജിത്ത് കെ. (ശാന്തിഗിരി ആരൂഢശുദ്ധി), രാജേഷ്. ആശ്രമത്തിൽ സ്ഥിരമായി കുംഭം ഒരുക്കുന്നതിന് സഹായിച്ചിരുന്ന ആത്മബന്ധുവായിരുന്നു ശ്രീ നാണു.

ഗുരുചരണം ശരണം
പ്രാർത്ഥനയോടെ
എം. പി പ്രമോദ്,
ഗീതാപ്രമോദ്, സത്പ്രഭ എം. പി.
'ദയാമന്ദിരം'
ആനന്ദപുരം





ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തവർ

# സ്വച്ഛ് ഭാരത്: ചിറയിൻകീഴ് റെയിൽവേ സ്റ്റേഷൻ ശുചീകരണം നടത്തി

**ചിറയിൻകീഴ്:** സ്വച്ഛ് ഭാരത് അഭിയാനിന്റെ ഭാഗമായി ശാന്തിഗിരി ആശ്രമത്തിന്റെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ പ്രവർത്തകർ ചിറയിൻകീഴ് റെയിൽവേ സ്റ്റേഷൻ പരിസരം ശുചീകരിച്ചു. സെപ്റ്റംബർ 24 ശനിയാഴ്ച രാവിലെ 8 മണി മുതൽ 11 വരെ നടന്ന ശുചീകരണ പരിപാടിക്ക് റെയിൽവേ സീനിയർ ഡിവിഷണൽ (കൊമേഴ്സ്യൽ) മാനേജർ ഡോ.സുധീഷ് കുമാർ നേതൃത്വം നല്കി. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, റിട്ട. ജഡ്ജ് മുരളി ശ്രീധർ തുടങ്ങിയവരും സംബന്ധിച്ചു.

ശാന്തിഗിരി ആശ്രമം ആറ്റിങ്ങൽ ഏരിയയിലെ പ്രവർത്തകർക്കു പുറമെ റെയിൽവേ സ്റ്റാഫ് അംഗങ്ങൾ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് സേനാംഗങ്ങൾ, അഴൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ എൻ.സി.സി. കേഡറ്റുകൾ, ഡി.റ്റി.എസ്.എസ്., എലൈറ്റ് കിഡ്സ് ക്ലബ് എന്നിവയുടെ നൂറോളം പ്രവർത്തകരാണ് റെയിൽവേ സ്റ്റേഷൻ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായത്.

# ബഹുഭാഷാ നവതി സുവനീർ തയാറാകുന്നു

**ഹെൽത്ത് കെയർ സോൺ :** നവതി സുവനീറിന്റെ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നഡ പതിപ്പുകൾ കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ തയാറാകുന്നു. സന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ച് ബഹുഭാഷാ സുവനീർ പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

ഒ.വി. ഉഷ, മുകുന്ദൻ പി. ആർ, അനൂപ് എം.എസ്., (ഇംഗ്ലീഷ്) അർച്ചന ദേവ് രാജ്, ഡോ. സരിത എൽ.കെ., സ്മൃതി എസ് (ഹിന്ദി) ഡോ. ഹരിഹരൻ ബി., വിജയൻ എസ്. (തമിഴ്), മനോരമ, ശ്രീലക്ഷ്മി (കന്നഡ) എന്നിവരാണ് വിവിധ ഭാഷകളിലേക്ക് സുവനീർ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

# സെയിൽസ് പ്ലാൻ തയാറാക്കി

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഭഗിനി നികേതൻ സെയിൽസ് റിവ്യൂ മീറ്റിംഗ് സെപ്റ്റംബർ 19 ന് ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് ഹാളിൽ രാവിലെ 11 മണിക്ക് നടന്ന മീറ്റിംഗിൽ ഒക്ടോബർ മാസത്തെ സെയിൽസ് 40 ലക്ഷം രൂപയിൽ എത്തിക്കാൻ ആവശ്യമായ പദ്ധതിക്കും രൂപം നല്കി.

കൂടാതെ കോഴിക്കോട്, തൃശൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സെയിൽസ് പുരോഗതിയും വിലയിരുത്തുകയുണ്ടായി.

ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് അസിസ്റ്റന്റ് ജനറൽ മാനേജർ കെ. സുഭാഷ് ചന്ദ്രൻ റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി.



വിനോദ് സി. ആർ – ശാലിനി എസ് ദമ്പതിമാർ സ്നേഹപുരത്ത് നിർമ്മിച്ച 'ഗുരുപുഷ്പം' ഭവനം





# ഭക്തിസാന്ദ്രമായി പൂർണ കുംഭമേള

**സ്പിരിചൽ സോൺ :** ഗുരുനാമമന്ത്രങ്ങൾ അലയടിച്ച പ്രാർത്ഥനാഭരിതമായ അന്തരീക്ഷത്തിൽ ശാന്തിഗിരി ആശ്രമത്തിൽ പൂർണ കുംഭമേള ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. വ്രതനിഷ്ഠയോടെ എത്തിച്ചേർന്ന ആയിരങ്ങൾ കുംഭമേള ആഘോഷത്തെ ഭക്തിസാന്ദ്രമാക്കി.

രാവിലെ അഞ്ചുമണിക്ക് പ്രത്യേക പുഷ്പാഞ്ജലിയോടെ സമാരംഭിച്ച പൂർണ്ണ കുംഭമേളയുടെ അനുഷ്ഠാന കർമങ്ങൾ വൈകുന്നേരം നടന്ന കുംഭഘോഷയാത്രയോടെയാണ് പൂർണ്ണമായത്. അഞ്ചുമണിക്ക് സന്ന്യാസിസന്ന്യാസിനിമാരുടെയും നിയുക്തരായ എഴുപത്തിരണ്ട് പേരുടെയും പ്രത്യേക പുഷ്പാഞ്ജലിയ്ക്ക് ശേഷം ആറുമണിയോടെ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് ധ്വജം ഉയർത്തൽ ചടങ്ങ് നടന്നു. ഗുരുധർമ്മപ്രകാശസഭയിലെ മുതിർന്ന അംഗങ്ങളുടെ നേതൃത്വത്തിലാണ് ധ്വജം ഉയർത്തിയത്. അതേ തുടർന്ന് സന്ന്യാസിമാരുടെ പുഷ്പസമർപ്പണവും തുടർന്ന് ഗുരുഭക്തരുടെ പുഷ്പസമർപ്പണവും നടന്നു. ഉച്ചയ്ക്ക് ഗുരുപൂജ, ഗുരുപാദവന്ദനം, വിവിധ സമർപ്പണങ്ങൾ, പ്രസാദ വിതരണം എന്നിവയുണ്ടായിരുന്നു. വൈകുന്നേരം അഞ്ചുമണിക്കാണ് കുംഭഘോഷയാത്ര ആരംഭിച്ചത്. മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ പ്രത്യേകം സജ്ജമാക്കിയ യജ്ഞശാലയിൽ നിന്നാരംഭിച്ച കുംഭഘോഷയാത്ര ഒന്നാം ഗേറ്റ് വരെ എത്തിയശേഷം തിരിച്ച് ആശ്രമത്തിൽ എത്തിച്ചേർന്നു. സുഗന്ധദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കിയ തീർത്ഥം മൺകുടങ്ങളിൽ നിറച്ച് പീതവസ്ത്രംകൊണ്ടു പൊതിഞ്ഞുകെട്ടി, നാളികേരം വച്ച്, പൂമാല ചാർത്തി ഒരുക്കിയ കുംഭങ്ങളും ശിരസിലേറ്റി ആയിരക്കണക്കിനു ഗുരുഭക്തർ ആശ്രമസമുച്ചയം വലംവച്ചു പ്രാർത്ഥിച്ചു.

പൂർണ്ണ കുംഭങ്ങൾ ഏന്തിയ ആയിരക്കണക്കിന് വിശ്വാസികൾക്കൊപ്പം ദീപമേന്തിയവരും സുവർണതാമര പതിപ്പിച്ച വർണക്കുടകൾ പിടിച്ചവരും ഗുരുനാമജപവുമായി നടന്നുനീങ്ങിയപ്പോൾ ആശ്രമാന്തരീക്ഷം ഭക്തിസാന്ദ്രവും സുഗന്ധപൂരിതവുമായി. ഏഴുമണിയോടെ കുംഭഘോഷയാത്ര പൂർത്തിയാക്കി കുംഭങ്ങൾ ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

ബ്രഹ്മനിശ്ചയത്തിന്റെ പ്രൗഢഗംഭീരമായ ആഘോഷമാണ് ശാന്തിഗിരിയിലെ കുംഭമേള. ലോകം മുഴുവൻ മാറ്റിമറിക്കാൻ പോകുന്ന മഹത്തായൊരു സന്ദേശത്തിന്റെ വിളംബരമാണിത്. ഭൂമിയിലുള്ള എല്ലാ ആഘോഷങ്ങളും മനുഷ്യന്റെ ബൗദ്ധിക നിർദ്ധാരണത്തിന്റെ നിർവചനങ്ങളാണെങ്കിൽ ശാന്തിഗിരിയിലെ കുംഭമേള ബ്രഹ്മേച്ഛയുടെ സംസ്ഥാപനമാണ്.

ത്യാഗനിർഭരമായിരുന്നു അതിന്റെ തുടക്കം. 1973-ലാണ് കുംഭം എഴുന്നെള്ളിക്കുന്നതിനുള്ള ദൈവകല്പന ഉണ്ടായത്. കുംഭം എഴുന്നെള്ളിക്കണമെങ്കിൽ ഒരു കുട വാടകയ്ക്ക് എടുക്കണം. അഞ്ചോ പത്തോ രൂപയാകും. പക്ഷെ അന്നത്തെ പരിത:സ്ഥിതിയിൽ ആ രൂപ ചെലവാക്കി കുട വാടകയ്ക്കെടുത്തു കുംഭം എഴുന്നെള്ളിക്കാനുള്ള സാമ്പത്തികശേഷി ആശ്രമത്തിനുണ്ടായിരുന്നില്ല. ദൈനംദിനം അന്തേവാസികൾക്കുള്ള ഭക്ഷണ ചെലവിനു തന്നെ ഗുരു ബുദ്ധിമുട്ടുന്ന സമയം. കഞ്ഞി വയ്ക്കാൻ അരിയില്ലാത്തതുകൊണ്ട് മരച്ചീനി പുഴുങ്ങിത്തിന്ന് പച്ചവെള്ളം ചൂടാക്കി കുടിച്ചുകൊണ്ട് എത്രയോ നാൾ ഗുരു മറ്റുള്ളവരോടൊപ്പം കഴിഞ്ഞിരിക്കുന്നു. അതിനാൽ കുംഭം പുറത്തെടുക്കാതെ പ്രാർത്ഥനാലയത്തിനുള്ളിൽത്തന്നെ വയ്ക്കേണ്ടി വന്നു. അങ്ങനെ ബ്രഹ്മനിശ്ചയത്തിന്റെ മഹത്തായൊരു സങ്കല്പം അധികമാരുമറിയാതെ ഓലകെട്ടിയുണ്ടാക്കിയ ആ ചെറുകുടിലിൽ തുടങ്ങിവച്ചു.

പരസ്യമായി കുംഭമേള ആഘോഷം തുടങ്ങിയത് 1976 ൽ ആയിരുന്നു. പോത്തൻകോടുള്ള ഒരു ഭക്തന്റെ (ശ്രീ. ഭരതൻ മുതലാളിയുടെ) വീട്ടിൽ നിന്നായിരുന്നു തുടക്കം. അവിടെ നിന്നും കുംഭങ്ങളും വഹിച്ചുകൊണ്ട് ആശ്രമത്തിൽ എത്തുകയായിരുന്നു. അന്നത്തെ എളിയനിലയിൽ നിന്ന് ഇന്ന് നാടാകെ ശ്രദ്ധിക്കുന്ന ഒരാഘോഷമായി കുംഭമേള മാറിക്കഴിഞ്ഞു.

# 'അന്നം ഔഷധം' സെമിനാർ നാളെ

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഭക്ഷണത്തിന്റെ പ്രാധാന്യം വിവരിക്കുന്ന 'അന്നം ഔഷധം' സെമിനാർ നാളെ നടക്കും. വൈകിട്ട് ഏഴിന് കമ്യൂണിറ്റി കിച്ചൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന സെമിനാറിൽ ഡോ. സജീവ് കുമാർ പൊന്നാനി ക്ലാസ് നയിക്കും.

തെറ്റായ ജീവിതശൈലിയും ഭക്ഷണരീതികളും മൂലമുണ്ടാകുന്ന രോഗാവസ്ഥകൾ സംബന്ധിച്ചും ആരോഗ്യകരമായ ഭക്ഷണത്തിലൂടെ രോഗപ്രതിരോധവും ആയുരാരോഗ്യസൗഖ്യവും കൈവരിക്കുന്ന മാർഗങ്ങളും സെമിനാറിൽ വിശദീകരിക്കുന്നതാണ്. എല്ലാ ആത്മബന്ധുക്കളും സെമിനാറിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണമെന്ന് ഗൃഹസ്ഥാശ്രമസംഘം ചുമതലക്കാർ അഭ്യർത്ഥിച്ചു.




# പ്രാർത്ഥനാഞ്ജലി സി.ഡി.യ്ക്ക് മികച്ച പ്രതികരണം

**സ്പിരിചൽ സോൺ :** ആശ്രമത്തിൽ നിന്ന് ആദ്യമായി പുറത്തിറക്കിയ പ്രാർത്ഥനാഞ്ജലിയുടെ ഓഡിയോ സി.ഡി.യ്ക്ക് ഗുരുഭക്തരുടെ ആവേശകരമായ സ്വീകരണം. പുറത്തിറങ്ങിയ എല്ലാ സി.ഡി.കളും ഒരു മണിക്കൂറിനകം വിറ്റുപോവുകയുണ്ടായി. കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ സഹകരണത്തോടെ പുറത്തിറക്കിയ പ്രാർത്ഥനാഞ്ജലി ഓഡിയോ സി.ഡി.യ്ക്ക് 60 രൂപയാണ് മുഖവില. അഖണ്ഡനാമം, കരുണാകരജയ, ഒരു പീഢയെറുമ്പിനും, ദൈവമെ കാത്തുകൊൾകങ്ങ്, ഈശൻ ജഗത്തിലെല്ലാം, സദ്ഗുരുവേ ജയ, നവജ്യോതി സ്വരൂപമെ, പാഹിമാം കരുണാകര എന്നീ പ്രാർത്ഥനകൾ സി.ഡി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശശി ഡാനിയേൽ, രത്നാകരൻ, ഋഷികേശ് ദേവ്, ശാന്തിപ്രിയ, ബിന്ദു സുനിൽ എന്നിവർ ചൊല്ലിയിരിക്കുന്നു.




*പൂർണ്ണ കുംഭമേള സൗഹൃദസദസിൽ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം കാര്യദർശി സ്വാമി ശുഭാംഗാനന്ദ സംസാരിക്കുന്നു*


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala